# എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ

## കാരാപ്പുഴ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**വിദ്യാലയത്തിന്റെ ചരിത്രം**

അക്ഷരനഗരിയായ കോട്ടയത്തെ പുരാതന വിദ്യാലയങ്ങളിൽ ഒന്നാണ് എൻ.എസ്. എസ്. ഹൈസ്കൂൾ കാരാപ്പുഴ. പ്രഗത്ഭനായ മള്ളൂർ ഗോവിന്ദപ്പിള്ളയുടെയും ഉത്സാഹശാലികളായ ചില സമുദായ സ്നേഹികളുടേയും നേതൃത്വത്തിൽ തിരുനക്കര ക്ഷേത്രത്തിന് പടിഞ്ഞാറ് കാരാപ്പുഴയിൽ 1930 മെയ് 25-ാം തീയതി നായർ സമാജം സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. പ്രഗത്ഭനായ എ. കൃഷ്ണപ്പണിക്കരായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. കലാസാഹിത്യ രംഗങ്ങളിൽ അറിയപ്പെടുന്ന പലരും ആദ്യകാലത്ത് ഈ സ്കൂളിലെ അധ്യാപകരായിരുന്നു. ഹെഡ്മാസ്റ്ററായ കണ്ണൻ മേനോൻ വിവേകാനന്ദ സാഹിത്യ സർവ്വം പരിഭാഷപ്പെടുത്തിയ ത്രൈലോക്യാനന്ദ സ്വാമികൾ, പ്രൊഫ. ആനന്ദക്കുട്ടൻ, കാരൂർ സരസ്വതിയമ്മ എന്നിവരുടെ പേരുകൾ എടുത്തു പറയത്തക്കതാണ്. 1932 -ൽ നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി സ്കൂൾ സന്ദർശിച്ചതായി ചരിത്രം പറയുന്നു.

ജാതി, വർണ്ണ, വർഗ്ഗ വിവേചനങ്ങൾക്കതീതമായി എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ പരിഷ്കർത്താവായ ഭാരതകേസരി ശ്രീ. മന്നത്തു പത്മനാഭൻ 1964-ൽ നേരിട്ട് ഇവിടെ എത്തി സ്കൂൾ ഏറ്റെടുത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിലാക്കി 1600-ൽപരം വിദ്യാർത്ഥികളും 60-ൽ പരം അധ്യാപകരും ഉണ്ടായിരുന്ന ഈ വിദ്യാലയം ഇംഗ്ലീഷ് മീഡിയെ ഹൈസ്കൂളോടുകൂടിയതായിരുന്നു.

ഇന്ത്യയിലാദ്യമായി കേന്ദ്ര ഗവ: സഞ്ചയിക പദ്ധതി വിജയകരമായി നടത്തിയ ഈ വിദ്യാലയത്തെ അഭിനന്ദിക്കുന്നതായി കേന്ദ്രമന്ത്രിയായിരുന്ന സുശീലാ റോഹട്ട് ജി നേരിട്ട് സ്കൂളിൽ എത്തുകയുണ്ടായി. സംസ്ഥാന യുവജനോത്സവം തുടങ്ങിയപ്പോൾ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്തത് ഈ സ്കൂളിൽ നിന്നാണ്.

നാദസ്വര വിദ്വാൻ തിരുവിഴ ജയശങ്കർ, സിനിമാരംഗത്തെ പ്രമുഖനായ സംവിധായകൻ ജി. അരവിന്ദൻ, സേതു, രാജീവ്, വിജയരാഘവൻ, ക്യാമറാമാൻ വേണു, പ്രശസ്ത സാഹിത്യകാരൻ ജി. ഓമനക്കുട്ടൻ തുടങ്ങിയവർ ഈ സ്കൂളിലെ പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികളാണ്.

2000-ൽ ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ട ഈ വിദ്യാലയതതിൽ ഏകദേശം 500 വിദ്യാർത്ഥികളും 32 ജീവനക്കാരുമുണ്ട്. ഈ വിദ്യാലയം നിരവധി തവണ 100% വിജയം



Scanned with OKEN Scanner

എസ്.എസ്.എൽ.സി.ക്ക് നേടുകയും ചെയ്തു. 2005-ൽ പ്ലാറ്റിനം ജൂബിലി പൂർവ്വ-വിദ്യാർത്ഥി അധ്യാപക സംഗമത്തോടെ വിപുലമായി ആഘോഷിക്കുകയുണ്ടായി.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ |
| വിലാസം | : | കോട്ടയം പി.ഒ.<br>കോട്ടയം<br>പിൻ - 686 001 |
| ഫോൺ | : | 0481-2582626<br>0481-2304232 |
| ഇ-മെയിൽ ഐഡി | : | nsshss007@gmail.com |
| സ്കൂൾ കോഡ് | : | 33028 |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| ജില്ല | : | കോട്ടയം |
| ബി.ആർ.സി. | : | കോട്ടയം വെസ്റ്റ് |
| സി.ആർ.സി. | : | ജി.യു.പി.എസ്. പുത്തോട്ട് |
| മുനിസിപ്പാലിറ്റി | : | കോട്ടയം |
| ഡിസ്ട്രിക്ട് പഞ്ചായത്ത് | : | കോട്ടയം |
| ബ്ലോക്ക് പഞ്ചായത്ത് | : | പള്ളം |
| നിയമസഭാമണ്ഡലം | : | കോട്ടയം |
| ലോകസഭാ മണ്ഡലം | : | കോട്ടയം |

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

ഭാഷാശേഷി വികസനം. ഇംഗ്ലീഷ് പഠന പരിപോഷണം, ഗണിതശേഷി വികസനം, ശാസ്ത്രപോഷണ പരിപാടി, വായനാശീലം പരിപോഷിപ്പിക്കൽ, ലൈബ്രറി വിപുലീകരണം, ജൈവ വൈവിദ്ധ്യ പാർക്ക്, പഠനാത്രകൾ, ക്ലാസ്സ്, പിടിഎ, എം.പി.ടി.എ., വിവിധ ദിനാചരണങ്ങൾ, പച്ചക്കറിത്തോട്ടം, സി.എസ്.ഒ. മൂല്യനിർണ്ണയം, നിരന്തര മൂല്യ നിർണ്ണയം, പ്രമുഖരുമായുള്ള അഭിമുഖം, ചിത്രരചനാ ക്ലാസ്സ് Football പരിശീലനം.

### ഭൗതികം

സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടർ റൂം, ലൈബ്രറി, അടുക്കള, ഡൈനിംഗ് ഹാൾ, കൃഷിത്തോട്ടം, വീട്ടിലും ഒരു പച്ചക്കറിത്തോട്ടം.

### സാമൂഹികം

പി.ടി.എ., ക്ലാസ്സ് പി.ടി.എ., വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, ഭവന സന്ദർശനം

11 ക്ലാസ്സ് റൂംസ്, 2 കമ്പ്യൂട്ടർ ലാബ്, 3 സയൻസ് ലാബ്, പ്രിൻസിപ്പാൾസ് റൂം, ഹെഡ്മാസ്റ്റേഴ്സ് റൂം, 2 ഓഫീസ് റൂം, ലൈബ്രറി, പാചകപ്പുര വിശാലമായ ഗ്രൗണ്ട്



Scanned with OKEN Scanner

എന്നിവ ഞങ്ങളുടെ സ്കൂളിനുണ്ട്. ഒരു സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറായിട്ടുണ്ട്.

**<u>പൊതുലക്ഷ്യങ്ങൾ</u>**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ നേടി എന്നത് ഉറപ്പുവരുത്തുക.
- യാതൊരു തരത്തിലുള്ള വ്യത്യാസവുമില്ലാതെ എല്ലാ കുട്ടികൾക്കും തുല്യപരിഗണന നൽകുക.
- സർഗശേഷി വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- സി.എബ്ലിയു.എസ്.എൻ. കുട്ടികൾക്ക് പ്രത്യേക പിരഗണന നൽകുകയും എല്ലാ പ്രവർത്തനങ്ങളിലും അവരെ ഉൾപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ തെറ്റു കൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.

## മലയാളം

### പ്രവർത്തനങ്ങൾ

1. പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. അക്ഷരം ഉറപ്പിക്കൽ - ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു. അക്ഷരക്കളരി നടത്തുന്നു. (ഹ്രസ്വകാല പ്രവർത്തനം)
3. അടയാളങ്ങൾ ഉറപ്പിക്കൽ - ചിത്ര സഹായത്താൽ ചിഹ്നങ്ങൾ, അടയാളങ്ങൾ എന്നിവ ഉറപ്പിക്കുന്നു (ഹ്രസ്വകാലം 1 മാസം)
4. അക്ഷര കാർഡ് - അക്ഷരങ്ങൾ എഴുതിയ കാർഡിലൂടെ വാക്കുകൾ, വാക്യങ്ങൾ എന്നിവ രൂപീകരിക്കൽ (2 മാസം)
5. അടിക്കുറിപ്പ് - ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ
6. കഥാ പുസ്തകവായന - വായന, കുറിപ്പ് തയ്യാറാക്കൽ
7. ഭിന്നശേഷിക്കാരെ പരിഗണിക്കൽ - ഭിന്നശേഷിക്കാർക്കായി ഐ.സി.റ്റി. പ്രവർത്തനങ്ങളും മറ്റ് പ്രത്യേക പ്രവർത്തനങ്ങളും നൽകി പ്രാപ്തരാക്കൽ.
8. പത്രവായന - വിവിധ പത്രങ്ങൾ വായിക്കുക, പത്രക്വിസ് നടത്തുക.
9. പുസ്തക ചർച്ച - വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, സാഹിത്യകാരന്മാർ എന്നിവർ പങ്കെടുക്കുന്നു. വായനാനുഭവം പങ്കുവെയ്ക്കുന്നു. കഥാപാത്രനിരൂപണം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ
10. വായനാക്കുറിപ്പ് - വായനാക്കുറിപ്പുകൾ തയ്യാറാക്കി എല്ലാം കൂട്ടിച്ചേർത്ത് പതിപ്പിക്കുന്നു. (1 വർഷം)
11. ദിനാചരണങ്ങൾ - വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട മത്സരങ്ങൾ നടത്തുകയും ചെയ്യുക.
12. വിദ്യാരംഗം - വായന, എഴുത്ത് എന്നിവ മെച്ചപ്പെടുത്താൻ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.
13. അഭിമുഖം - സാഹിത്യകാരന്മാരുമായി അഭിമുഖം
14. ഇ-വായന - വിക്കിപീഡിയ പരിചയപ്പെടുത്തൽ വിവരശേഖരണം......
15. ചുമർപത്രിക, ആസ്വാദനക്കുറിപ്പ്
16. വ്യക്തിഗത രചന, രചനാശില്പശാല - സർഗ്ഗശേഷി വികസിപ്പിക്കാൻ കഥയരങ്ങ്, കവിയരങ്ങ് മുതലായവ സംഘടിപ്പിക്കുക.
17. സി. ഡി. പ്രദർശനം - സി. ഡി. പ്രദർശിപ്പിച്ച് ചിത്രത്തെക്കുറിച്ച് പറയാൻ അവസരം നൽകുക.
18. ഭാഷാ പ്രോജക്ടുകൾ - ഭാഷയെ ആഴത്തിൽ മനസിലാക്കാൻ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു.



Scanned with OKEN Scanner

ഇംഗ്ലീഷ്

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നതിനുവേണ്ടി ക്ലാസ്മുറിയിൽ തന്നെ ന്യൂസ് വായിപ്പിക്കുക.
- ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി കുട്ടികൾ തന്നെ സംഘടിപ്പിക്കുക. അതിനുള്ള നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ തന്നെ നൽകുക.
- വിദ്യാലയത്തിലെ ഓരോ പ്രവർത്തനങ്ങൾ മനസ്സിലാക്കി ഇംഗ്ലീഷ് വിഷയത്തിനായി ഒരു നോട്ടീസ് ബോർഡ് തയ്യാറാക്കുക. അതിന്റെ ചുമതല ഓരോ ക്ലാസ്സുകാർക്കായി നൽകുക.
- പാഠപുസ്തകത്തിലെ സ്കിറ്റ്, വൺ ആക്ട് പ്ലേ എന്നിവ ക്ലാസ്സ് റൂമിൽത്തന്നെ അവതരിപ്പിക്കുക.
- വ്യാകരണ പാഠത്തിനായി മികച്ച അധ്യാപകരെ ഉപയോഗിച്ച് ക്ലാസ്സ് എടുപ്പിക്കുക.
- മലയാളത്തിലെ ലളിതമായി കൃതികൾ ഇംഗ്ലീഷിലേയ്ക്ക് തർജ്ജിമ ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കുക.
- ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, വർത്തമാന പത്രങ്ങൾ എന്നിവ കുട്ടികൾക്ക് പരിചയപ്പെടാനുള്ള അവസരം ഒരുക്കുക. അക്കാര്യം സ്കൂൾ അധികാരിയുടെ ശ്രദ്ധയിൽപെടുത്തുക.
- പാഠപുസ്തകത്തിലെ ചെറുകഥകൾ കണ്ടെത്തി നാടകമായി സദസ്സിൽ അവതരിപ്പിക്കുക.
- കുട്ടികളുടെ ഒരു വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ഇംഗ്ലീഷ് മാഗസിൻ പ്രകാശനം ചെയ്യുക.
- പാഠപുസ്തകത്തിലെ പ്രസായമുള്ള വാക്കുകൾ കണ്ടെത്തി അവയുടെ അർത്ഥം, വിപരീതം എന്നിവ കണ്ടെത്തി ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറി തയ്യാറാക്കിക. ഇത് ഒരു വർഷം കൊണ്ട് പൂർത്തിയീക്കുന്ന ഒരു പ്രവർത്തനമാണ്.

ഹിന്ദി

| | |
|---|---|
| Std V | അക്ഷരങ്ങൾ ഉറപ്പിക്കൽ, കേട്ടെഴുത്ത്, അക്ഷരങ്ങൾ തന്നെ ദിവസവും പകർത്തു ബിക്കിൽ എഴുതിക്കുക. |
| Std VI | തെറ്റില്ലാതെ അനായാലം ഹിന്ദി വായിക്കാനും എഴുതാനുമുള്ള കഴിവ് വികസിപ്പിക്കുക, മലയാളത്തിൽ നിന്ന് ഹിന്ദിയിലേക്ക് തർജ്ജിമ ചെയ്യിക്കുക. ക്ലാസ്സിൽ ഹിന്ദി അന്തരീക്ഷം ഒരുക്കുക. |
| Std VII | ഓരോ ദിവസവും നടന്ന സംഭവങ്ങളുടെ ചുരുക്കം ഡയറി രൂപത്തിൽ എഴു |



Scanned with OKEN Scanner

തിയ്ക്കുക. മലയാളത്തിൽ നിന്നും ഹിന്ദിയിലേക്ക് തർജ്ജമ, നിഘണ്ടു തയ്യാറാക്കൽ ഗ്രാമർ ചെയ്യിക്കുക.

Std VIII ഡയറി എഴുത്ത്, നിഘണ്ടു തയ്യാറാക്കൽ, ചിത്രകഥാപുസ്തകം വായിപ്പിക്കുക. തർജ്ജമ ചെയ്യിപ്പിക്കുക ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ ഗ്രാമർ ചെയ്യിപ്പിക്കുക.

Std IX സംഭാഷണം തയ്യാറാക്കുക, സ്ക്രിപ്റ്റ് തയ്യാറാക്കുക, ഹിന്ദി സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കുക, നിഘണ്ടു തയ്യാറാക്കൽ ഗ്രാമർ ചെയ്യുക കഥാരചന നടത്തുക ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം

Std X സ്ക്രിപ്റ്റ് തയ്യാറാക്കാനുള്ള ശേഷി വികസിപ്പിക്കുക, ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം ലഭ്യമാക്കുക, കഥാരചന, ഹിന്ദി കേൾക്കാനുള്ള അവസരം

ഹിന്ദി അസംബ്ലി നടത്തുക, വർഷത്തിൽ ഒരു ദിവസം ഹിന്ദി ദിനാചരണം നടത്തുക. ഹിന്ദി പ്രദർശിനി സംഘടിപ്പിക്കുക. എന്ന് നിത്യോപയോഗ വസ്തുക്കളുടെ പേര് മലയാളത്തിലും ഹിന്ദിയിലും എഴുതി പ്രദർശിപ്പിക്കുക. കുട്ടികൾ എഴുതിയ ആസ്വാദനക്കുറിപ്പുകളും അവരുടെ രചനകളും ഉൾപ്പെടുത്തി ഒരു മാഗസിൻ തയ്യാറാക്കുക. ഇത് വർഷാവസാനം ചെയ്യുന്ന ഒരു പ്രവർത്തനമാണ്.

## ഫിസിക്സ്

### മാസ്റ്റർ പ്ലാൻ

1. സയൻസ് ലാബിൽ ഫിസിക്സുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നവീകരിക്കുക, അവയെ തരംതിരിക്കുക ക്രമീകരിക്കുക, കുട്ടികൾക്ക് ലാബിൽ ഇരിപ്പിടങ്ങൾ സജ്ജമാക്കി പഠനയോഗ്യമാക്കുക.
2. സയൻസിന് പ്രാധാന്യമുള്ള ദിവസങ്ങൾ പരിചയപ്പെടാനായി സയൻസ് കലണ്ടർ ഓരോ ക്ലാസ്സ് മുറികളിലും തൂക്കി ഇടുക.
3. പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ടുള്ള പരീക്ഷണ വസ്തുക്കൾ ഉണ്ടാക്കുന്നതിനായി മികച്ച വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.
4. കുസാറ്റ്, ഐ.എസ്.ആർ.ഒ. തുടങ്ങിയ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക.



Scanned with OKEN Scanner

5. ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം പരമാവധി ഉറപ്പുവരുത്തുക.

6. സ്കൂളിലെ ശാസ്ത്രപ്രവർത്തനങ്ങളെ വിലയിരുത്തുവാനും നടപ്പാക്കാനും സയൻസ് ക്ലബ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

7. വിവിധ വിഷയങ്ങളിൽ ശാസ്ത്ര സെമിനാറുകൾ നടത്തി ശാസ്ത്ര അവബോധം കുട്ടികളിൽ വളർത്തുക.

8. കുട്ടികളുടെ ഒരു വർഷത്തെ സയൻസുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് സയൻസ് മാഗസിൻ തയ്യാറാക്കുക.

9. പുതിയ കണ്ടുപിടിത്തങ്ങൾ സയൻസ് അവാർഡുകൾ എന്നിവയിൽ കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനായി ക്ലാസ്സ് മുറിയിൽ തന്നെ സയൻസ് ബുള്ളറ്റിൻ ഉണ്ടാക്കി പത്ര കിട്ടിംഗ് പ്രദർശിപ്പിക്കുന്നു. അതിന്റെ ചുമതല ക്ലാസ്സിലെ ഓരോ ബെഞ്ച് ലീഡർമാർക്ക് കൊടുക്കുക.

10. എല്ലാ മാസവും സയൻസ് ക്വിസ്, അസംബ്ലിയിൽ നടത്തി വിജയികൾക്ക് അപ്പോൾ തന്നെ സമ്മാനം നൽകുന്നു.

## കെമസ്ട്രി

### മാസ്റ്റർ പ്രാൻ

- കെമിസ്ട്രി വിഷയത്തിനോടുള്ള കുട്ടികളുടെ സമീപനം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രത്തിലെ കൗതുകങ്ങൾ എന്ന തലക്കെട്ടുമായി കുട്ടികൾ എല്ലാ സ്കൂൾ അസംബ്ലിയിലും രസകരമായി പരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.
- ദിവസവും നോട്ടീസ് ബോർഡിൽ കെമിസ്ട്രിയിലെ കുസൃതി ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നു. ശരി ഉത്തരങ്ങൾ പറയുന്ന കുട്ടികൾക്ക് സമ്മാനം നൽകുന്നു.
- പഠനത്തിന് ഇണങ്ങുന്ന വണ്ണം കുട്ടികളുടെ സഹകരണത്തോടെ കെമിസ്ട്രി ലാബ് സജ്ജമാക്കുന്നു.
- കെമിസ്ട്രിയിലെ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നതിനായി അവരുടെ ജീവചരിത്രരേഖ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.



Scanned with OKEN Scanner

- കെമിസ്ട്രി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ടു കൊണ്ടുവരുന്നതിനായി ഒഴിവ് സമയങ്ങളിൽ മാതൃകാ ചോദ്യങ്ങൾ ചെയ്യിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- പാഠപുസ്തകത്തിലെ പ്രയാസമുള്ള ഭാഗങ്ങൾ കെ. റ്റി. ഉപയോഗിച്ച് കുട്ടികളുടെ പഠന നിലവാരം ഉയർത്തുക.
- കെമിസ്ട്രിയിലെ പീരിയോഡിക് ടേബിൾ ചാർട്ട് പേപ്പറിൽ വരച്ച് ക്ലാസ്സ് മുറിയിൽ ഒട്ടിക്കുന്നതിന് പുറമേ ഓരോ മൂലകങ്ങളുടെ സവിശേഷതകൾ കണ്ടെത്തി ഒരു ഡയറി ഓരോ ക്ലാസ്സിലെ കുട്ടികളും തയ്യാറാക്കുന്നു.
- പത്താം ക്ലാസ്സിലെ കെമിസ്ട്രി പഠന നിലവാരം ഉയർത്തുന്നതിനായി പരിചയ സമ്പന്നരായ അധ്യാപകരെ വിളിച്ച് ക്ലാസ്സ് എടുപ്പിക്കുന്നു.
- മരുന്നുകളുടേയും വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളിലെ രാസവസ്തുക്കളുടെ പേര്, ഉപയോഗം, അവയുടെ ദോഷവശങ്ങൾ എന്നിവ കണ്ടെത്തി ലിസ്റ്റ് ചെയ്യുക.

## ബയോളജി

- പരീക്ഷണങ്ങളടങ്ങിയ ക്ലാസ്സുകൾ ലാബിൽ തന്നെ നടത്തും.
- ശാസ്ത്രദിനാചരണങ്ങൾ പൊതുവായി ആചരിക്കുക.
- ഓരോ ക്ലാസ്സിലേയും പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയ ശാസ്ത്രക്വിസ് ഓരോ ആഴ്ചയും നടത്തി ശാസ്ത്ര അഭിമുഖം വളർത്തും.
- നേച്ചർ ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കും.
- പഠനയാത്ര നടത്തും ക്ലബ്ബിന്റെ തന്നെ ആഭിമുഖ്യത്തിൽ പച്ചക്കറികൃഷി നടത്തും.
- കുട്ടികളുടെ നേതൃത്വത്തിൽ സ്കൂളിൽ ബട്ടർ ബൈ ഗാർഡൻ നിർമ്മിക്കും.
- ശാസ്ത്രജ്ഞന്മാരെ ഓർമ്മിക്കാൻ മാസത്തിൽ ഒരു ദിവസം കണ്ടെത്തും.
- ഓരോ ക്ലാസ്സിലെയും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ പേരു വിവരങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കും.



Scanned with OKEN Scanner

- നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മലിനീകരണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തും.
- ശാസ്ത്രജ്ഞന്മാരുടെ പേരുകൾ ശേഖരിച്ച് ആൽബം തയ്യാറാക്കും.

## ഗണിതശാസ്ത്ര മാസ്റ്റർ പ്ലാൻ

**Std: VIII, IX, X**

- ഗണിതലാബ് തയ്യാറാക്കൽ അവിടെ ഗണിത ക്ലാസ്സുകളും നടത്തുക.
- ക്ലാസ്സ് റൂമുകൾ ഗണിതവൽക്കരിക്കുന്നു.
- വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗണിതപാർക്ക്.
- 8, 9, 10 ക്ലാസ്സുകൾ ചേർന്ന് സ്കൂൾ ഗണിത മാഗസിൻ തയ്യാറാക്കുന്നു.
- ഗണിതശാസ്ത്ര മേളയ്ക്ക് ജൂൺ മുതൽ തന്നെ ഗണിതലാബിൽ തയ്യാറെടുപ്പ്.
- ആഴ്ചയിൽ ഒരിക്കൽ ഗണിതക്വിസ് പസിൽസ് എന്നിവ ബോർഡിൽ എഴുതിയിടുക.
- ഗണിതത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ട മാത്സ് ക്ലിനിക്ക് നടത്തുന്നു. ഓരോ ക്ലാസ്സുകാർക്കും പ്രത്യേകം നടത്തുന്നു.

## ഇംഗ്ലീഷ്

**Std: VIII, IX, X**

- എല്ലാ കുട്ടികൾക്കും തെറ്റില്ലാതെ ഇംഗ്ലീഷ് വായിക്കാനും ഫലപ്രദമായി എഴുതാനുമുള്ള കഴിവ് വികസിപ്പിക്കുന്നതിനായി ചെറിയ കഥപുസ്തകങ്ങൾ നൽകി വായിപ്പിക്കുന്നു. ഇംഗ്ലീഷിൽ ഒരു ദിവസം അസംബ്ലി നടത്തുന്നു. അധ്യാപകൻ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു. ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക.
- ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നതിനായി ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ. ഇംഗ്ലീഷ് പറയുന്നതിനും എഴുതുന്നതിനുമായി ഇംഗ്ലീഷ് ടെസ്റ്റ് നടത്തുക.



Scanned with OKEN Scanner

- ഇംഗ്ലീഷ് രചനയില് പ്രാവീണ്യം നേടാനായ്. സ്കൂളിലെ പ്രവര്ത്തനങ്ങളെപ്പറ്റി കൂട്ടു കാർക്ക് അയയ്ക്കാൻ കത്തു തയ്യാറാക്കുക.

- ഇംഗ്ലീഷ് ആശയവിനിമയം നടത്തുന്നതിനായി ഗ്രൂപ്പുതിരിച്ച് വിഷയാധിഷ്ഠിതമായി കോൺവർസേഷൻ തയ്യാറാക്കൽ നടപ്പാക്കൽ.

- സാഹിത്യ നൈപുണിയ്ക്കായി ലളിതമായ സാഹിത്യകൃതികൾ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ക്ലാസ്സുകൾ പദപ്രശ്ന നിർമ്മാണം.

- ഇംഗ്ലീഷ് പഠനാന്തരീക്ഷം ഒരുക്കുന്നതിനായി ക്ലാസ്സ് റൂമുകളിൽ ഇംഗ്ലീഷ് പ്രസിദ്ധീ കരണങ്ങൾ, പുസ്തകങ്ങൾ ഇവയുടെ ശേഖരം ഒരുക്കൽ ഭിത്തിയൽ വാർത്തകൾ പ്രദർശിപ്പിക്കൽ.

- കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ച് ഒരു മാഗസിൻ തയ്യാറാക്കുന്നു.

## സോഷ്യൽ സയൻസ് : ഹൈസ്കൂൾ

പഠിതാവിന്റെ താല്പര്യവും വികാസവും പരിഗണിച്ചുകൊണ്ട് വൈവിധ്യമുള്ള പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയുന്ന വിധത്തിൽ ക്ലാസ്മുറി ക്രമീകരിക്കൽ.

പഠനപ്രക്രിയയുടെ പരിപൂർണ്ണനയ്ക്കായി പഠനവിഭവങ്ങൾ ഉപയോഗപ്പെടുത്താം. ലൈബ്രറി ഡിസ്പ്ലേ ബോർഡുകൾ, കംപ്യൂട്ടർ ലാബ്, മൾട്ടിമീഡിയ ഉപകരണങ്ങൾ തുട ങ്ങിയവയുടെ സഹായത്താൽ പാഠഭാഗങ്ങൾ കുട്ടികളിൽ എത്തിക്കാം. ബാലസഭകൾ, പഠന യാത്രകൾ എന്നിവ നടത്താം. ക്ലബ്ബിന്റെ പ്രവർത്തനങ്ങളിലൂടെ മേളകളിൽ പങ്കെടുക്കുന്ന കുട്ടികളെ ജൂൺ മുതൽ തന്നെ പരിശീലിപ്പിക്കുക. ദിനാചരണങ്ങളിലും സോഷ്യൽ സയൻസ് ക്ലബ്ബ് വളരെയധികം പ്രാധാന്യത്തോടെ പങ്കെടുക്കുക. ഗൃഹസന്ദർശനം നടത്തി രക്ഷകർത്താക്കളുമായി ആശയവിനിമയം നടത്തി കുട്ടികളുടെ പഠനാന്തരീക്ഷം മനസ്സിലാ ക്കുന്നു.

ഫീൽഡ് ട്രിപ്പ്, സർവ്വേ ബുള്ളറ്റിൻ ബോർഡ്, പ്രദർശനങ്ങൾ, മത്സരങ്ങൾ അതായത് ക്വിസ് മത്സരം, ഉപന്യാസ രചന, പ്രസംഗം എന്നിവ നടത്താം. ഭൂമിശാസ്ത്ര പഠനത്തിനായി ചുമരെഴുത്തുകളുടെ നിരീക്ഷണത്തിലൂടെ കണ്ട കാര്യങ്ങളുടെ ശാസ്ത്രീയ വിശകലനം,



Scanned with OKEN Scanner

വാർത്താവിശകലനം, ചിത്രവിശകലനം, പട്ടിക വിശകലനം, വാർത്താ അവതരണം, പ്രാദേശിക ചരിത്ര രചന, റോൾ പ്ലേ തുടങ്ങിയ വിവിധ പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നു.

സോഷ്യൽ സയൻസ് ക്ലബ് പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ കുട്ടികൾക്ക് നേതൃത്വം നൽകാം. ഭൂപട വിശകലനം - ചുമർ ഭൂപടം, അറ്റ്ലസ് നിർമ്മാണം എന്നിവ നടത്തുക. ഭൂപടങ്ങളിലെ അപകടങ്ങൾ തിരിച്ചറിയാൻ സഹായിക്കുക. ചരിത്ര പഠനം നടക്കുമ്പോൾ വിവരശേഖരണത്തിനും ആശയ രൂപീകരണത്തിനും അഭിമുഖം നടത്തുക. ശാസ്ത്രീയ പ്രശ്ന പരിഹാര മാർഗ്ഗമെന്ന നിലയിൽ പ്രോജക്ടും ചെയ്യിക്കാവുന്നതാണ്. കുട്ടികൾ പഠനത്തിനുവേണ്ടി ഉപയോഗിച്ച സാധനങ്ങളുടെയും പഠനപ്രവർത്തനഫലമായി ഉണ്ടായ ഉൽപ്പന്നങ്ങളുടെയും ഒരു പ്രദർശനം സ്കൂൾ വർഷം അവസാനിക്കാറാകുമ്പോൾ നടത്തുക.

<u>സോഷ്യൽ സയൻസ് യു.പി.</u>

- ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട ദിനാചരണങ്ങൾ അതിന്റേതായ പ്രാധാന്യത്തോടെ നടത്തുന്നു.
- സാമൂഹിക പ്രാധാന്യമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കുള്ള പഠനയാത്ര നടത്തുന്നു.
- വിദ്യാലയങ്ങളിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് ക്രമീകരിക്കുക.
- ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദങ്ങൾ നടത്തുന്നു.
- അധിക വായനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകങ്ങൾ ഇയർ ബുക്കുകൾ, അറ്റ്ലസുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര വായനാ കോർണർ ഒരുക്കുക.
- വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ബുള്ളറ്റിൻ ബോർഡുകൾ സ്ഥാപിക്കുന്നു. എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു.



Scanned with OKEN Scanner

- പ്രധാന ചരിത്ര ദിവസങ്ങളെക്കുറിച്ചുള്ള ആൽബം തയ്യാറാക്കുന്നു.
- ചരിത്ര കലണ്ടർ തയ്യാറാക്കിക്കുന്നു.

<u>ഗണിതം യു. പി.</u>

കുട്ടികളിൽ ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും വേണ്ട ആശയ രൂപീകരണം നടത്തുന്നു. ഗണിതവുമായി ബന്ധപ്പെട്ട കളികൾ കുട്ടികൾക്കും നൽകുന്ന ഐ.റ്റി. സാധ്യത പ്രയോജനപ്പെടുത്തുന്നു. പഠന ഉപകരണങ്ങൾ നിർമ്മിക്കുന്നു.

ഗണിതലാബ് ക്രമീകരിക്കുന്നു. കുട്ടികൾ നിർമ്മിച്ച പഠന ഉപകരണങ്ങൾ റ്റി.എൽ. എം. എന്നിവ ഉയോഗപ്പെടുത്തുന്നു.

ഗണിതഉദ്യാനം നിർമ്മിക്കുന്നു. ഗണിത രൂപങ്ങൾ അതിൽ നിർമ്മിക്കുന്നു.
ക്ലാസ്സ് റൂം ഗണിതവൽക്കരിക്കുന്നു. ചാർട്ട്, പഠനോപകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു.

ഗണിതവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഗണിതശാസ്ത്ര ക്വിസ് നടത്തുന്നു.
ഗണിത നാടകം അവതരിപ്പിക്കുക, ഗണിതശേഷികൾ നേടി ഗണിതനാകം കുട്ടികൾ അവതരിപ്പിക്കുന്നു.

ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഉൾപ്പെടുത്തി ഗണിതമൂല തയ്യാറാക്കുന്നു.

ചിന്താശേഷി വർദ്ധിപ്പിക്കുന്നതിനായി പസിൽസ് തയ്യാറാക്കുന്നു.

<u>ഇംഗ്ലീഷ് യു.പി.</u>

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. ഈ ലക്ഷ്യത്തോടെ ആഴ്ചയിൽ 2 ദിവസം ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകിക്കൊണ്ട് അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.
2. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക.



Scanned with OKEN Scanner

3. ഇംഗ്ലീഷ് പേപ്പർ വായിച്ചു മനസ്സിലാക്കാൻ അവസരം നൽകുക.
4. ഇംഗ്ലീഷ് പീരിയഡുകളിൽ ഇംഗ്ലീഷ് സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.
5. ലൈബ്രറിയിൽ നിന്ന് സ്റ്റോറി ബുക്കുകൾ എടുത്ത് വായിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
6. ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒരു ചെറിയ സ്പീച്ച് നടത്താൻ പ്രോത്സാഹിപ്പിക്കുക.
7. ചെറിയ കഥകളും കവിതകളും അവരുടേതായ രീതിയിൽ എഴുതിപ്പിക്കുന്നു.
8. ഇംഗ്ലീഷിൽ ഡയറി എഴുതാൻ പരിശീലിപ്പിക്കുന്നു.
9. ബെർത്ത് ഡേ കാർഡ്സ് തയ്യാറാക്കുന്നു.
10. ഒരു ദിവസം 4 ഇംഗ്ലീഷ് വേർഡും അതിന്റെ അർത്ഥവും പഠിപ്പിക്കുന്നു. രാവിലെ 9 മണിക്ക് ബോർഡിൽ ലൈഡർ എഴുതിയിടുന്നു.
11. ആഴ്ചയിൽ ഒരു ദിവസം വ്യാകരണ ക്ലാസ്സ് എടുക്കുക.
12. മലയാളത്തിലുള്ള വാക്യങ്ങളെ ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യിപ്പിക്കുക.
13. പദപ്രശ്നം എല്ലാ കുട്ടികൾക്കും നൽകി ഉത്തരം വിലയിരുത്തുന്നു.

ഞങ്ങളുടെ സ്കൂളിൽ ഒരു ഉദ്യാനം ഉണ്ട്. അത് അടുത്ത വർഷം ആദ്യം കൂടുതൽ ചെടികൾ വച്ച് പിടിപ്പിച്ച് ഒരു ശലഭ ഉദ്യാനം ആക്കി മാറ്റാൻ ശ്രമിക്കും. ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ വച്ച് പിടിപ്പിച്ച് നിലവിലുള്ള ഉദ്യാനത്തെ വികസിപ്പിക്കുകയാണ് ലക്ഷ്യം. സ്കൂളിന് അല്പം മാറി സ്ഥിതി ചെയ്യുന്ന ഗ്രൗണ്ടിൽ ജൈവ വൈവിധ്യ പാർക്ക് തുടങ്ങാം എന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ വർഷം ആ സ്ഥലത്ത് നക്ഷത്രവനം വച്ചുപിടിപ്പിച്ചതാണ്. പക്ഷേ വേനലിന്റെ കാഠിന്യം മൂലം അവ ഉണങ്ങിപ്പോയി. ആ പദ്ധതി പുനരാവിഷ്കരിക്കാൻ തീരുമാനിച്ചു. അത് പരിപാലിക്കേണ്ട ചുമതല ഓരോ ക്ലാസ്സുകാർക്ക് നൽകാൻ തീരുമാനിച്ചു.

ഇപ്പോൾ ഞങ്ങളുടെ സ്കൂളിൽ ചെറിയ തോതിൽ പച്ചക്കറികൃഷി ഉണ്ട്. പ്രധാനമായും വെണ്ട, വഴുതിന, തക്കാളി, ചീനി എന്നിവയാണ് നട്ടുവളർത്തിയത്. അടുത്ത വർഷം കൃഷി വകുപ്പിന്റെ കൂടി സഹായത്തോടെ കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. അടുത്ത വർഷം ഉച്ചഭക്ഷണ പദ്ധതിയിൽ നമ്മുടെ സ്കൂളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും ഉപയോഗിക്കണം എന്നാണ് ലക്ഷ്യം വയ്ക്കുന്നത്.



Scanned with OKEN Scanner

ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി ഗ്യാസ് ഉപയോഗിക്കുന്നു. കേടായിപ്പോയ ബയോഗ്യാസ് പ്ലാന്റ് കേടുപാടുകൾ നീക്കി ഉപയോഗയോഗ്യമാക്കാൻ തീരുമാനിച്ചു. ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് ജൂൺ മാസത്തിൽ തന്നെ കുട്ടികൾക്ക് ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്താൻ തീരുമാനിച്ചു. കർഷക ദിനത്തിന് പ്രാദേശിക ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനവും വിതരണവും നടത്താൻ തീരുമാനിച്ചു. പഴയകാല കാർഷിക ഉപകരണങ്ങളുടെ പ്രദർശനം നടത്താനും തീരുമാനിച്ചു. ഈ വർഷം കുട്ടികൾ അവരുടെ വീട്ടിൽ ഉല്പാദിപ്പിച്ച ചില പച്ചക്കറികൾ സ്കൂളിൽ കൊണ്ടുവന്നിരുന്നു. അടുത്ത വർഷം കൃഷിയിൽ കുറച്ചുകൂടി പ്രോത്സാഹനം കൊടുക്കാൻ തീരുമാനിച്ചു.

80 വയസ്സിനു മുകളിലുള്ളവരെ സ്കൂളിൽ വിളിച്ച് ആദരിക്കാനും അവരുമായി ആശയവിനിമയം നടത്താനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാക്കാനും തീരുമാനിച്ചു. ഇതുവഴി അന്നത്തെ ജീവിത രീതിയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കും.

## പ്രത്യേക പരിഗണന അർഹിക്കുന്ന (CWSN) കുട്ടികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

### മേഖലകൾ

1. ക്ലാസ്സ്റൂം അക്കാദമിക്
2. വിദ്യാലയവുമായി ബന്ധപ്പെട്ടവ (ഭൗതികം)
3. സമൂഹപങ്കാളിത്തം (സാമൂഹികം)

### I. ക്ലാസ്സ് റൂം / അക്കാദമിക പ്രവർത്തനങ്ങൾ

1. CWSN കുട്ടികളുടെ ഹാജർ നില ഉറപ്പു വരുത്തുക.
2. അനുയോജ്യമായ ഇരിപ്പിടം - ശ്രദ്ധ, പരിഗണന, പങ്കാളിത്തം ഇവ ഉറപ്പു വരുത്തുന്നതിന്
3. പഠന ഉപകരണങ്ങളുടെ ലഭ്യത
4. അനുരൂപീകരണം
5. ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം
6. പിയർ ഗ്രൂപ്പിനെ സജ്ജമാക്കൽ
7. സഹായ ഉപകരണങ്ങൾ - ബ്രെയിലി, കണ്ണട, ഹിയറിംഗ് എയ്ഡ്, വീൽചെയർ...



Scanned with OKEN Scanner

8. ക്ലാസ്സ് മോണിറ്ററിംഗ്

9. പരീക്ഷാ സഹായങ്ങൾ

10. പഠനപുരോഗതി വിലയിരുത്തൽ

II. **ഭൗതിക ചുറ്റുപാടുകൾ**

1. തടസരഹിത വിദ്യാലയ അന്തരീക്ഷം: റാംപ്, റെയിൽ, അഡാപ്റ്റഡ് ടോയ്‌ലറ്റ് ...

2. പ്രൊഫൈൽ തയ്യാറാക്കുക - ഓരോ കുട്ടിയുടേയും സമ്പൂർണ്ണ വിവരങ്ങള് ശേഖരിക്കുന്നു.

3. സ്കൂൾ അസംബ്ലിയിൽ പങ്കെടുപ്പിക്കുക.

4. കഴിവുകൾക്ക് അംഗീകാരവും പ്രോത്സാഹനവും

5. റിസോഴ്സ് റൂം

6. ക്ലബ് പ്രവർത്തനങ്ങളിൽ പങ്കാളിത്തം

7. കലാ-കായിക പ്രവർത്തനങ്ങൾ

8. തെറാപ്പികൾ, സഹായ ഉപകരണങ്ങളുടെ ലഭ്യത

9. തൊഴിൽ പരിശീലനങ്ങൾ

10. മെഡിക്കൽ ക്യാമ്പ്

11. സ്കോളർഷിപ്പ്, സാമ്പത്തിക സഹായം

12. പഠന യാത്രകൾ

13. ദിനാചരണങ്ങൾ, അന്താരാഷ്ട്ര ഭിന്നശേഷി ദിനം

III. **സാമൂഹിക പങ്കാളിത്തം**

- ബോധവൽക്കരണ ക്ലാസ്സുകൾ - രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ഒപ്പം പി.ർഡ ഗ്രൂപ്പിനും CWSN-ന്റെ പ്രശ്നങ്ങൾ പിന്തുണ സഹായം തുടങ്ങിയവ
- പരിഹാര ബോധനം
- സാമൂഹിക സ്ഥാപനങ്ങളുമായുള്ള ബന്ധം-സാമൂഹിക നീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, അംഗൻവാടികൾ
- കരിയർ ഗൈഡൻസ്
- ആയയുടെ സേവനം



Scanned with OKEN Scanner

- റിസോഴ്സ് അധ്യാപികയുടെ സേവനം

## ടാലന്റ് ലാബ്

കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അതു വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ വെള്ളിയാഴ്ചകളിലും ലാസ്റ്റ് പീരിയഡ് സർഗവേള എന്ന പേരിൽ നടത്തുകയും കുട്ടികൾ ഓരോ പരിപാടികൾ ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി മാസത്തിൽ ഒരു ദിവസം ഒരു പീരിയഡ് ക്വിസിനായി നീക്കി വയ്ക്കാനും തീരുമാനിച്ചു.

കബഡിയിൽ താല്പര്യമുള്ള കുട്ടികൾ ഉള്ളതുകൊണ്ട് പ്രത്യേകം കോച്ചിനെ വച്ച് കബഡി പ്രാക്ടീസ് ചെയ്യിക്കുന്നുണ്ട്. കുട്ടികൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടുകയും ചെയ്യുന്നുണ്ട്. ഓട്ടത്തിനും കൂടി കുട്ടികളെ പ്രാക്ടീസ് ചെയ്യിക്കാൻ തീരുമാനിച്ചു. സബ് ജില്ലാ തലത്തിൽ ഓട്ടത്തിന് രണ്ടാം സ്ഥാനം നേടിയ ഒരു വിദ്യാർത്ഥി ഇവിടെ പഠിക്കുന്നുണ്ട്. അടുത്ത വർഷം ആ കുട്ടിയെ നന്നായി പരിശീലിപ്പിച്ചതിനുശേഷം മത്സരത്തിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

## ലൈബ്രറി നവീകരണം

ഇപ്പോൾ എല്ലാ കുട്ടികൾക്കും പുസ്തകങ്ങൾ ക്ലാസ്സിൽ വിതരണം ചെയ്യുന്നുണ്ട്. അത് അവർ മാറി മാറി വായിക്കുന്നു. കൂടുതൽ പുസ്തകങ്ങൾ കുട്ടികൾക്ക് എടുത്തു വായിക്കാനായി കാർഡ് വച്ച് പുസ്തകങ്ങൾ എടുക്കാനുള്ള സൗകര്യം ഉണ്ട്. കുറെയധികം പുസ്തകങ്ങൾ കൂടി വാങ്ങി ലൈബ്രറി വിപുലപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. സ്പോൺസർമാരെ കണ്ടെത്തി പുസ്തകങ്ങൾ വാങ്ങിക്കുക. കുട്ടികളുടെ ജന്മദിനത്തിൽ പുസ്തകം സ്കൂളിന് നൽകുക. കൂടുതൽ പുസ്തകങ്ങൾ സ്കൂളിലെത്താനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

അടുത്തവർഷം മുതൽ ഒരോ ടേമിലും ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുന്ന കുട്ടികൾക്ക് സമ്മാനം നൽകാനും തീരുമാനിച്ചു.



Scanned with OKEN Scanner

5. 6. 7 ക്ലാസ്സ് റൂമുകളിൽ ക്ലാസ്സ് ലൈബ്രറികൾ ആരംഭിക്കാൻ തീരുമാനിച്ചു. പുതിയ ലക്കം ബാലപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കി കുട്ടികളുടെ വായനാശീലം വളർത്തിയെടുക്കാനുള്ള സമഗ്രമായ പദ്ധതികൾ നടപ്പാക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ
- മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നു.
- മത നിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.

## പരിമിതികൾ

കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കാരാപ്പുഴ എൻ.എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളിലായി ഏകദേശം 430 കുട്ടികൾ അദ്ധ്യയനം നടത്തുന്നു. ഇന്ന് ഈ സ്കൂൾ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി സ്ഥലപരിമിതികളും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുമാണ്. ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂൾ, യു.പി. വിഭാഗങ്ങൾ ഒരേ ബ്ലോക്കിൽ പ്രവർത്തിക്കുന്നതിനാൽ സ്കൂൾ അച്ചടക്കം വേണ്ട രീതിയിൽ നിലനിർത്താൻ



Scanned with OKEN Scanner

സാധിക്കാതെ വരുന്നു. രണ്ടു വിഭാഗങ്ങളുടേയും പ്രവർത്തനസമയം ഒരേ രീതിയിലല്ലാത്തത് സ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ ക്ലാസ്സ് ശാന്തമായ അന്തരീക്ഷത്തിൽ നടത്തിക്കൊണ്ടു പോകുന്നതിന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. 60 കുട്ടികൾ തിങ്ങി നിറഞ്ഞിരിക്കുന്ന ഹയർ സെക്കണ്ടറി ക്ലാസ്സിൽ ഒരു അഡീഷണൽ ക്ലാസ്സ് റൂം അത്യന്താപേക്ഷിതമാണ്.

കുട്ടികളുടെ കലാ-കായിക അഭിരുചികൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പി.ടി.എ. ടീച്ചർ, ആർട്സ് ടീച്ചർ എന്നിവരുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥയും മറ്റൊരു പരിമിതിയാണ്.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ ഈ സ്ഥാപനത്തെ ഒരു മാതൃകാ വിദ്യാലയമാക്കി മാറ്റിയെടുക്കുന്നതിന് ബഹുമാന്യരായ കോട്ടയം എം.പി., എം.എൽ.എ, മുനിസിപ്പൽ ചെയർപേഴ്സൺ, വാർഡ് മെമ്പർ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ. എക്സിക്യൂട്ടീവ് മെമ്പേഴ്സ്, രക്ഷകർത്താക്കൾ സ്റ്റാഫ് അംഗങ്ങൾ എൻ.എസ്.എസ്. മാനേജ്മെന്റ് മറ്റ് അഭ്യുദയകാംക്ഷികൾ തുടങ്ങിയവരുടെ സഹായ സഹകരണങ്ങൾ വരെയേറെയാണ്. തുടർന്നും അത് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും, ശാസ്ത്രീയവും, സ്ഥായിയുമായ പരിഹാരം കണ്ടെത്തുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ തനതായ മൂല്യങ്ങളും സംസ്കൃതികളും സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഓരോ വ്യക്തിയുടേയും കടമയാണ് ഈ കർമ്മ പദ്ധതിയിൽ പങ്കാളികളാകുക എന്നത്. നാട്യങ്ങളേതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും, മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.



Scanned with OKEN Scanner

## മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ① പ്രീ ടെസ്റ്റ് ② അക്ഷരം ഉറപ്പിക്കൽ ③ അടയാളം ഉറപ്പിക്കൽ ④ അക്ഷരകാർഡ് നൽകൽ ⑤ വാക്കുകൾ എഴുതിയ കാർഡ്. ⑥ വാക്കുകൾ നിർമ്മിക്കുക ⑦ വാക്യങ്ങൾ നിർമ്മിക്കൽ ⑧ ചിത്രം-അടിക്കുറിപ്പ് ⑨ ചിത്രം- കഥ എഴുതൽ ⑩ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | 2 മാസം (ആഗസ്റ്റ്, സെപ്റ്റംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ., അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ① ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ ② സ്കൂൾ ലൈബ്രറി നവീകരിക്കൽ ③ വായനോത്സവം സംഘടിപ്പിക്കൽ ④ പത്രവായന ⑤ പുസ്തകചർച്ച ⑥ വായനാനുഭവം ⑦ വായനക്കുറിപ്പ് പതിപ്പ് ⑧ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ⑨ ദിനാചരണം ⑩ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം ⑪ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ⑫ ഇ-വായന | 6 മാസം | ക്ലാസ്സ് ലൈബ്രറി, സ്കൂൾ-ലൈബ്രറി, പത്രങ്ങൾ, ആനുകാലികങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് | പി.ടി.എ. അധ്യാപകർ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | (1) എഴുത്തുകൂട്ടം രൂപീകരണം. (2) പുസ്തകചർച്ച (3) വായനക്കുറിപ്പ്, പതിപ്പ് (4) വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ (5) ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ (6) വ്യക്തിഗത - സംഘ രചന (7) ഭാഷാ പ്രോജക്ട് (8) സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ (9) സംവാദം, അഭിമുഖം. | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ. അധ്യാപകർ. |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | (1) പ്രസംഗ പരിശീലന കളരി (2) വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കുക. (3) അഭിനയം പരിശീലിപ്പിക്കുക. (4) മികച്ച പ്രസംഗങ്ങൾ, അഭിനയം തുടങ്ങിയവയുടെ വീഡിയോ, ഓഡിയോ കേൾപ്പിക്കുക. (5) കലാപ്രകടനങ്ങൾക്കുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി Std V-X

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡുകൾ നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഉച്ചാരണം കൂട്ടമായി പരിചയപ്പെടുത്തുന്നു | ജൂൺ ജൂലൈ |
| ആഴ്ചയുടെ പേരുകൾ, മാസങ്ങൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം, കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ആഗസ്റ്റ് സെപ്റ്റംബർ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. | ഒക്ടോബർ |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാവസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഡിസംബർ |

| | | |
|---|---|---|
| ചിന്തകളെക്കുറിച്ചുള്ള ധാരണ വായി ക്കുന്നു. [illegible] നൽകുന്നു കുട്ടികളെക്കൊണ്ട് [illegible] ചർച്ചചെയ്യാൻ നൽകുന്നു. | [illegible] ദിവസത്തെ പറയുന്നു. | ദിനം |
| കുട്ടികളുടെ [illegible] ഭാഷാ [illegible] [illegible] [illegible] ഭാഷാ [illegible] [illegible] വർണ്ണനകൾ നൽകുന്നു. | പത്രം ചോദ്യം, പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | [illegible] [illegible] |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളെ കുറിച്ച് വ്യാഖ്യാനിക്കുവാനറിയുന്നു. [illegible] ഉൾക്കൊള്ളുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചർച്ചചെയ്ത് വ്യാഖ്യാനിക്കുവാൻ പറയുന്നു. എല്ലാ ദിവസവും [illegible] [illegible] നിർദേശം നൽകുന്നു. | [illegible] [illegible] |

Scanned with OKEN Scanner

## ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1) അരങ്ങുന കണ്ണിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ശാസ്ത്ര പഠനം രസകരമാക്കുന്നതിന് ശാസ്ത്ര വിനോദങ്ങൾ, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുക. ദൈനംദിനം ഉപയോഗിക്കുന്ന വസ്തുക്കൾ, ലഘു പദാർത്ഥങ്ങൾ നിരീക്ഷിച്ചു എന്നെല്ലാം രാസവസ്തുക്കൾ ഉപയോഗിച്ചു ഉണ്ടാക്കുന്നു. വാനനിരീക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 2. ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ശാസ്ത്രത്തിന്റെ വളർച്ചയെ കുറിച്ച് ഡിബേറ്റ് നടത്തുക, ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളുമായി ബന്ധപ്പെട്ട പത്ര വാർത്തകൾ ശേഖരിച്ചു ക്ലാസ്സിൽ അവതരിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അളവുകൾ കണ്ണിലൂടെ കാണുക, ഇന്ദ്രിയ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | * അടിസ്ഥാന അളവുകളും, വ്യുത്പന്ന അളവുകളുടെ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ കുട്ടികളോട് നിർദ്ദേശിക്കുന്നു.<br>* ഈ അളവുകളുടെ ചാർട്ട് പ്രദർശനം തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.<br>* ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അളവുകൾ കണ്ടെത്താൻ കുട്ടികളെ കൊണ്ട് സ്വയം ചെയ്യുന്നു.<br>* വേഗം, ബലം എന്നിവയെ കുറിച്ച് നിത്യ ജീവിതത്തിൽ എങ്ങനെയുള്ള ബന്ധപ്പെടുത്തുന്നു<br>* | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 3. ഹൈടെക് വേൾഡ്: | | | |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ICT യുടെ സഹായത്താൽ പരീക്ഷണങ്ങൾ കാണിക്കുന്നു. ഇതിൽ നിന്ന് കുട്ടികൾക്ക് സ്വയം ചെയ്യാൻ കഴിയുന്ന പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 4. ആയുർവേദ: | | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു.<br>തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉദ്യാ സൗകര്യത്തിൽ ഔഷധങ്ങളോടും പച്ചക്കറിയോടും നിർമ്മിക്കൽ<br>പ്ലാസ്റ്റിക് നിരോധിത ക്ലാസ്സ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 5. വൈജ്ഞാനിക ബഹിർസ്ഫുരണം. | | | |
| അന്വേഷണ ത്വര വർധിപ്പിക്കൽ നേരിട്ടറിവ് നേടൽ | സയൻസ് പാർക്ക് സന്ദർശനം, ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സന്ദർശനം<br>ജില്ലാ തലം ക്വിസ്സിൽ പങ്കെടുപ്പിക്കുക. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

- കൗമാരക്കാരുടെ മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും 'Teen's club'ന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- 'വിമുക്തി ക്ലബ്ബിന്റെ' നേതൃത്വത്തിൽ ലഹരി-വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തു-കയും ലഹരി വസ്തുക്കളുടെ അപകടത്തെ-ക്കുറിച്ച് അവരെ നിരന്തരം ബോധവൽക്ക-രിക്കുകയും ചെയ്യുന്നു.

VIII IX X ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • വർക്ക്ഷീറ്റ് അസൈൻമെന്റ് • വിടുകഥകളുടെ സഹായം • പഠനോപകരണ നിർമ്മാണം • ഗണിത അസംബ്ലി • അക്കകളികൾ | ജൂൺ ആവശ്യം അനുസരിച്ച് | ഗണിതടീച്ചർ | |
| • ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | • ഗണിതലാബ് സജ്ജീകരിച്ച് ഇത് ഉപയോഗിച്ച് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു | ആവശ്യാനുസരണം | ഗണിതടീച്ചർ ഗണിത ക്ലബ്ബ് | |
| • നിർമ്മിതികളിലെ ശേഷി നേടൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മിതി. | ജൂൺ - ഒക്ടോബർ | ഗണിത അധ്യാപകർ കുട്ടികൾ | |
| • നിത്യ ജീവിത വ്യവഹാരങ്ങളൊയാന്ന് | • ഗണിതപ്പൂക്കളം ഒരുക്കൽ | ആഗസ്റ്റ് | ഗണിത അധ്യാപകർ വിദ്യാർത്ഥികൾ | |
| • ഗണിത ശാസ്ത്രമേളകൾ | • ഗണിതക്വിസ്സ് • പഠനോപകരണ നിർമ്മാണം • ചാർട്ടുകൾ തയ്യാറാക്കൽ • പസ്സിലുകൾ കണ്ടെത്തൽ • ഗണിതവായനയിൽ • സ്കൂൾതല മേളകൾ | ജൂൺ - ഒക്ടോബർ | വിദ്യാർത്ഥികൾ P.TA | |

Scanned with OKEN Scanner

## മേഖല യു. പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | * ലളിതവും, രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ - സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | * ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകർ | |
| | * ഇംഗ്ലീഷ് വാർത്തകൾ (റേഡിയോ) റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം കേൾക്കാൻ അവസരം നൽകുന്നു. | ജൂലൈ - നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) വായന | * വിവിധ വായനക്കാർഡുകൾ നൽകുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. [ലളിതമായവയിൽ നിന്ന് സങ്കീർണ്ണമായവയിലേക്ക്] | ആഗസ്റ്റ് - ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ | |



Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | * വ്യത്യസ്ത കഥകൾ ക്ലാസ്സിൽ വായിച്ചവതരിപ്പിക്കാൻ അവസരം നൽകുന്നു. | സെപ്തംബർ – ജനുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | * പാഠഭാഗത്തെ conversation കൾ കുട്ടികൾ അവതരിപ്പിക്കുന്നു. | ജൂൺ – ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | * കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി മാഗസിനുകൾ നിർമ്മിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | * ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ട് / ബോർഡിൽ എഴുതുന്ന വാക്കുകൾ ഓരോ പ്രാവശ്യം വായിച്ച ശേഷം ഗ്രൂപ്പിലെ ഒരംഗം തന്റെ നോട്ടുബുക്കിൽ രേഖപ്പെടുത്തണം. ഏറ്റവും അധികം വാക്കുകൾ തെറ്റു കൂടാതെ എഴുതിയ ഗ്രൂപ്പ് ജയിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | * Riddles, ഫലിതങ്ങൾ, എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |

മേഖല : യു.പി മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാശേഷി വികസനവുമായി ബന്ധപ്പെട്ട് കുട്ടികളുടെ അക്ഷരസമ്പത്ത്, പദസമ്പത്ത് എന്നിവ വളർത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | * അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് എഴുതിക്കുകയും വായിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | * വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് എത്തിനായി അക്ഷരകാർഡുകൾ ഉപയോഗിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| കുട്ടികളിൽ വായനാശേഷി വളർത്തുക. | * കഥ, പദ്യപുസ്തകങ്ങൾ എന്നിവ വായിപ്പിക്കുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുക. | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| | * ICT യുടെ സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികൾ വായിക്കുന്നു. | എല്ലാ ആഴ്ചയും | മലയാളം അധ്യാപകർ |
| | * ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു.<br>* ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ആഴ്ചയും | മലയാളം അധ്യാപകർ |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തൽ | സാഹിത്യകാരന്മാർക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുക, സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുക. | എല്ലാ ആഴ്ചയും, | മലയാളം അധ്യാപകർ |

Scanned with OKEN Scanner

മേഖല : യു.പി മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിക്കൊടുക്കുക. സർഗ്ഗാത്മകശേഷി വളർത്തുക | കുട്ടികളെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും കുട്ടികളുടെ സർഗ്ഗാത്മക രചനകൾ കവിതകൾ, എന്നിവ ശേഖരിച്ച് വിലയിരുത്തുക. | വർഷം. | മലയാളം, ICT അധ്യാപകർ. |
| കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ, കവിതാലാപനം, ലഘുനാടകം, ലളിതഗാനം, ചിത്രരചന എന്നിവ സംഘടിപ്പിച്ചും കലാവേദികളിലും അവതരിപ്പിക്കൽ | | മലയാളം, ആർട്സ് അധ്യാപകർ |
| കുട്ടികളെ വിദ്യാരംഗം, വായനവാരം മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | കുട്ടികളെ കവിതകളും ജീവചരിത്രക്കുറിപ്പുകളും ഡയറിക്കുറിപ്പുകളും ആസ്വാദനക്കുറിപ്പുകളും വിശകലനക്കുറിപ്പുകളും തയ്യാറാക്കി പരിശീലിപ്പിക്കുന്നു. | ജൂൺ മുതൽ | മലയാളം അധ്യാപകർ |

മേഖല : യു.പി സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | * ഔഷധത്തോട്ട നിർമ്മാണം പച്ചക്കറിത്തോട്ട നിർമ്മാണം | ജൂലൈ | സയൻസ് ക്ലബ്. seed club. ശാസ്ത്രാധ്യാപകർ, ഹെൽത്ത്. ക്ലബ് |
| | * കാവുകൾ സന്ദർശനം, പുഴയെത്തി യാൻ യാത്രകൾ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ. | | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് |
| | * നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് ലഘുപരീക്ഷണങ്ങൾ, കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. ഹെൽത്ത് ക്ലബ് |
| ശാസ്ത്രപ്രക്രിയശേഷി വികസിപ്പിക്കുക | * ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ് ശാസ്ത്രക്ലബ് ഇവയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തയ്യാറാക്കുക | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജക്ലബ്, സയൻസ് ക്ലബ്. ഹെൽത്ത് ക്ലബ്. |
| | * ശാസ്ത്രപരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂളിലെ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | |

Scanned with OKEN Scanner

മേഖല . യു.പി സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന നേട്ടങ്ങൾ സാങ്കേതിക വിദ്യയുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | • ശാസ്ത്ര വിസ്മയ ചുവർ, ശാസ്ത്ര ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. | | ശാസ്ത്രാധ്യാപകർ |
| | • ശാസ്ത്ര ക്വിസ് . എല്ലാ ആഴ്ചയും സംഘടിപ്പിക്കുന്നു | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്. |
| | • ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ശാസ്ത്രപരീക്ഷണങ്ങൾ, കണ്ടുപിടുത്തങ്ങൾ കാവ്യകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ജൂലൈ - മുതൽ | ശാസ്ത്രാധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025-26 UP. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺമാസം | ഗണിതാധ്യാപകർ | |
| 2. അക്ഷരക്കളരി | ഗണിതത്തിലെ വിവിധ ക്രിയകളിലെ ചോദ്യങ്ങൾ കുട്ടികൾക്ക് കൊടുക്കുന്നു. | എല്ലാ ആഴ്ചയിലും. | ഗണിതാധ്യാപകർ | |
| 3. ഗണിത ക്ലബ്ബ് | ഗണിത ക്വിസ്, വിവിധ ദിനാചരണങ്ങൾ എന്നിവ നടത്തുന്നു. | ആവശ്യാനുസരണം | | |
| ഐ. ടി. സാധ്യതകളിലൂടെ | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കുന്നു. | മാസത്തിൽ ഒരുതവണ | ഗണിതാധ്യാപകർ. | |
| | | | | |

Scanned with OKEN Scanner